DESPATCHED
... 10/03/22

07/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.809 (4)/2020/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5878/*എസ്.ഐ.സി-ജി2/2020* )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തിയതി: 05.03.2022

ശ്രീ. വിനോദ്.സി.സി,
ചോയംപ്പിള്ളിൽ വീട്,
വെണ്ടുവഴി,
കോതമംഗലം.പി.ഒ.,
എറണാകുളം- 686 691.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കോതമംഗലം നഗരസഭ,
   കോതമംഗലം, എറണാകുളം.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   കോതമംഗലം നഗരസഭ,
   കോതമംഗലം, എറണാകുളം- 686 691.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 03.01.2020 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ അപേക്ഷയിന്മേൽ കൃത്യമായ വിവരം ലഭിച്ചില്ലായെന്ന് ആരോപിച്ചാണ് ടിയാൻ 05.06.2020 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 26.02.2022 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

തികച്ചും സാങ്കേതികമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് എതിർകക്ഷികൾ മറുപടി നൽകിയതെന്നും, അവയ്ക്കൊന്നും കൃത്യതയും വ്യക്തതയും ഇല്ലായെന്നും അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു.

എന്നാൽ, നൽകാൻ കഴിയുന്ന വിവരങ്ങൾ നൽകിയെന്നും, കമ്മീഷന്റെ അറിയിപ്പ് വന്നതിനു ശേഷം ഈ വിവരങ്ങൾ കുടുതൽ വ്യക്തതയോടെ നൽകിയെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഭൂരിപക്ഷം ചോദ്യങ്ങളും ചില കാര്യങ്ങളിലുള്ള സംശയനിവാരണം ഉദ്ദേശിച്ചുള്ളതാണ്. ഒന്നാം എതിർകക്ഷിയുടെ ഓഫീസിലുള്ള വിവരങ്ങൾ നൽകുക എന്നതിനപ്പുറം സംശയനിവൃത്തി വരുത്തുന്നതും, കാരണം കാണിക്കലും ഒന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. എന്നിട്ടുപോലും എതിർകക്ഷികൾ സൗമനസ്യത്തോടെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ട് എന്നാണ് കമ്മീഷൻ കരുതുന്നത്. എതിർകക്ഷികൾ സാങ്കേതികത്വം പറഞ്ഞ് മറുപടിയിൽ നിന്ന് ഒഴിവാകുകയാണ് ചെയ്യുന്നതെന്ന അപ്പീൽ ഹർജിക്കാരന്റെ വാദം നിലനിൽക്കുന്നതല്ല.

ഈ സാഹചര്യത്തിൽ ഒന്നാം എതിർകക്ഷിയുടെ വാദവും മറുപടിയും അംഗീകരിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 05.03.2022 ന് ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

INFORMATION COMMISSION
KERALA, THIRUVANANTHAPURAM

Va